# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5180 — 15.11.2019 ലെ മറുപടിക്ക്

**<u>കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ.സജി ചെറിയാൻ | ശ്രീ.എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കെട്ടിട നിർമ്മാണത്തിന് അനുമതി തേടിയുള്ള അപേക്ഷകൾ സ്വീകരിക്കുന്നതും തുടർനടപടികൾ കൈക്കൊള്ളുന്നതും ഓൺലൈൻ ആപ്ലിക്കേഷനായ സാകേതം മുഖേനയാണോ; വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, വർക്കല, ഗുരുവായൂർ, ആലപ്പുഴ, പാലക്കാട്, കൊച്ചി, കോഴിക്കോട് ഒഴികെയുള്ള നഗരസഭകളിലും കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് 'സങ്കേതം' എന്ന ഓൺലൈൻ ആപ്ലിക്കേഷൻ വഴിയാണ്. കൊച്ചി കോർപ്പറേഷനിൽ BPAMS എന്ന സോഫ്റ്റ് വെയർ മുഖേനയും കോഴിക്കോട് കോർപ്പറേഷനിൽ 'സുവേഗ' എന്ന സോഫ്റ്റ് വെയർ മുഖേനയും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, വർക്കല, ഗുരുവായൂർ, ആലപ്പുഴ, പാലക്കാട് നഗരസഭകളിൽ IBPMS എന്ന സോഫ്റ്റ് വെയർ മുഖേനയും നിലവിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്തു വരുന്നു. |
| (ബി) കെട്ടിടനിർമ്മാണ അപേക്ഷ കളിലെ കാലതാമസം ഒഴിവാക്കു വാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) കേരളത്തിലെ കോർപ്പറേഷനുകളിൽ തീർപ്പാകാതെ ശേഷിച്ചിരുന്ന കെട്ടിടനിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിന് തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. കൂടാതെ നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്ന തിനായി ജില്ലാതലത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. നിർമ്മാണാപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നു എന്നുറപ്പു വരുത്താൻ അപ്രതീക്ഷിത പരിശോധനകൾ നടത്താനും അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാനും വകുപ്പുതലവന്മാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

(തുടർച്ച 2......)

| | | | |
|---|---|---|---|
| (സി) | കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻപുതന്നെ നിശ്ചിത നിയമങ്ങൾ ലംഘിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം കണ്ടുപിടിയ്ക്കുന്നതിനും തടയുന്നതിനും 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 പ്രകാരവും രൂപീകരിച്ചിട്ടുള്ള ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ നടത്തുന്ന അന്വേഷണങ്ങളിൽ ചട്ടലംഘനങ്ങൾ കണ്ടെത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | കെട്ടിടനിയമങ്ങൾ പാലിച്ചില്ല എന്ന കാരണത്താൽ കെട്ടിടനമ്പർ നൽകാത്ത എത്ര അപേക്ഷകളാണ് ചെങ്ങന്നൂർ മണ്ഡലത്തിൽ ഉള്ളതെന്ന് വിശദമാക്കാമോ? | (ഡി) | 69 അപേക്ഷകൾ |

സെക്ഷൻ ഓഫീസർ